**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4373**

**2016 ഒക്ടോബർ 25 ലെ മറുപടിക്ക്**

വില്ലേജ് ഓഫീസർ തസ്തിക ഡപ്യൂട്ടി തഹസിൽദാരുടെ പദവിയിലേക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം:<br>ശ്രീ. സി. കൃഷ്ണൻ | ഉത്തരം:<br>ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) കഴിഞ്ഞ ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൽ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ തസ്തിക ഡപ്യൂട്ടി തഹസിൽദാരുടെ പദവിയിലേക്ക് ഉയർത്തുന്നതിന് നിർദ്ദേശിച്ചിരുന്നുവോ; | റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ തസ്തിക ഡപ്യൂട്ടി തഹസിൽദാർ തസ്തികയിലേക്ക് ഉയർത്തി ഡപ്യൂട്ടി തഹസിൽദാർ തസ്തികയ്ക്ക് തുല്യമായ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. |
| (ബി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെങ്കിലും ഉത്തരവ് ഇറക്കിയിരുന്നോ? എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | വില്ലേജ് ഓഫീസർ തസ്തിക ഡപ്യൂട്ടി തഹസിൽദാരുടെ പദവിയിലേക്ക് ഉയർത്തിയിട്ടില്ല. പകരം വില്ലേജ് ഓഫീസർ തസ്തികയ്ക്ക് ഒരു ലെവൽ ശമ്പള വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഈ സർക്കാർ ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ